വക്കത്തൊടി എ.എം.എൽ.പി.എസ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ (2025-26)

സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ **2025- 2026**
സ്കൂൾ: വക്കത്തൊടി എ.എം.എൽ.പി.എസ്.

മുദ്രാവാക്യം: ഓരോ കുട്ടിയും മികവിലേക്ക്, വിജ്ഞാനത്തിന്റെ വെളിച്ചത്തിലേക്ക്

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.
വക്കത്തൊടി എ.എം.എൽ.പി.എസ്. എന്ന നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലും ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നു. എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം.
സജീവമായ പി.ടി.എ., എം.ടി.എ., അധ്യാപക സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ, അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പാണ്.

## അടിസ്ഥാന വിവരങ്ങൾ

| വിവരങ്ങൾ | വിശദാംശം |
|---|---|
| സ്കൂളിന്റെ പേര് | വക്കത്തൊടി എ.എം.എൽ.പി.എസ്. |
| സ്ഥലം | നെടിയിരുപ്പ് മുസ്ലിയാരങ്ങാടി |
| വിദ്യാഭ്യാസ ഉപജില്ല | കൊണ്ടോട്ടി |
| വിദ്യാഭ്യാസ ജില്ല | മലപ്പുറം |
| മുനിസിപ്പാലിറ്റി | കൊണ്ടോട്ടി |
| ഹെഡ് മാസ്റ്റർ | സലീം സി.എം |
| പി.ടി.എ. പ്രസിഡന്റ് | അബ്ദുൽ ഹമീദ് |

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട അടിസ്ഥാന പഠനശേഷികൾ **(Foundational Literacy and Numeracy)** പൂർണ്ണമായി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ ആശയങ്ങൾ വ്യക്തമായി പ്രകടിപ്പിക്കാനും എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കുക.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.
5. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ **(ICT)** ഫലപ്രദമായി ഉപയോഗിക്കുന്നതിന് അധ്യാപകരെ

ശാക്തീകരിക്കുകയും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.

6. കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി **വ്യക്തിഗത പി.ടി.എ.വഴി രക്ഷിതാക്കൾക്ക് നൽകുക.
7. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ അക്കാദമിക സപ്പോർട്ടിനായി നിലവാരമുള്ള വർക്ക്ഷീറ്റുകൾ ലഭ്യമാക്കുക.
8. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയത്തിൽ അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.
9. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാനും അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
10. മാലിന്യ മുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം എന്നിവ പാലിച്ച് പരിസ്ഥിതി സൗഹൃദപരമായ സ്കൂൾ അന്തരീക്ഷം ഉറപ്പുവരുത്തുക.
11. പോക്സോ സംബന്ധമായ ബോധവൽക്കരണം, രാസ ലഹരി/മൊബൈൽ അഡിക്ഷൻ എന്നിവയ്ക്കെതിരെ മുൻകരുതലുകൾ എടുക്കുക. **അക്കാദമിക ഭൗതിക നേട്ടങ്ങൾ/പരിമിതികൾ**

| നേട്ടങ്ങൾ (Achievements) | പരിമിതികൾ (Limitations/Challenges) |
|---|---|
| അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ പൂർണ്ണമായി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. (Learning Gap) |
| ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം ലൈബ്രറി | മികച്ച ലൈബ്രറി, ലാബ് സൗകര്യങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരം കുറവാണ്. |
| പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ ( പ്രത്യേക പഠന ഗ്രൂപ്പുകൾ) | ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങൾ പൂർണ്ണമായി സജ്ജം ആയിട്ടില്ല |
| പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, കാർഷിക പ്രവൃത്തികൾ എന്നിവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |

## വിഷയതല ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

### 1. ഭാഷാ വികസനം (മലയാളം & ഇംഗ്ലീഷ്)

| ലക്ഷ്യങ്ങൾ | പ്രവർത്തന നിർദ്ദേശങ്ങൾ |
|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായനാമേള: ഓരോ ക്ലാസിലും വായനാ മൂലകൾ സജ്ജീകരിക്കുക. ദിനപത്രവായന പ്രോത്സാഹിപ്പിക്കുക. **'Let's Read'/'Hello English'** മാതൃകയിൽ സംഭാഷണ പരിശീലനം. |
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക. | കൈയെഴുത്ത് മാസിക: ക്ലാസ് തലത്തിൽ ദ്വൈമാസ കൈയെഴുത്ത് മാസികകൾ തയ്യാറാക്കുക. കവിതാ രചന, കഥാരചന മത്സരങ്ങൾ. |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | പദസമ്പത്ത് വർദ്ധിപ്പിക്കൽ: ഓരോ കുട്ടിക്കും 5 പുതിയ വാക്കുകൾ വീതം പ്രതിവാരം പഠിപ്പിക്കുക (Vocabulary Building). |

### 2. ഗണിതം (Mathematics)

| ലക്ഷ്യങ്ങൾ | പ്രവർത്തന നിർദ്ദേശങ്ങൾ |
|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. | ഗണിത കോർണർ: ക്ലാസ് മുറികളിൽ ഗണിത കോർണർ സ്ഥാപിക്കുക. അളവ്, ഭാരം, കറൻസി തുടങ്ങിയവയുമായി ബന്ധിപ്പിച്ചുള്ള പഠന പ്രവർത്തനങ്ങൾ. |
| ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ വളർത്തുക. | ഗണിത ലാബ്: പഠനോപകരണങ്ങൾ സ്വയം നിർമ്മിക്കാനും ഉപയോഗിക്കാനും അവസരം നൽകുക. മാത്സ് കിറ്റ് നിർമ്മാണ പരിശീലനം. |

## 3. പരിസര പഠനം/ശാസ്ത്രം (EVS/Science)

| ലക്ഷ്യങ്ങൾ | പ്രവർത്തന നിർദ്ദേശങ്ങൾ |
|---|---|
| ശാസ്ത്രീയ മനോഭാവം, ശാസ്ത്ര പ്രക്രിയാശേഷികൾ എന്നിവ വികസിപ്പിക്കുക. | പരിസര നിരീക്ഷണം: വിദ്യാലയത്തിലെ ഔഷധത്തോട്ടം, കൃഷിത്തോട്ടം എന്നിവ ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തുക. 'ലിറ്റിൽ സയന്റിസ്റ്റ്' ലഘു പരീക്ഷണങ്ങൾ. |
| ആരോഗ്യകരമായ ജീവിതശൈലി വളർത്തുക. | ഹെൽത്ത് കാർഡ് & കൈമാറ്റം: ആരോഗ്യ കാർഡ് തയ്യാറാക്കി രക്ഷിതാക്കളുമായി പങ്കിടുക. ശുചിത്വ മിഷൻ പ്രവർത്തനങ്ങൾ. |

## 4. ഐ.സി.ടി. (വിവരസാങ്കേതികവിദ്യ)

| ലക്ഷ്യങ്ങൾ | പ്രവർത്തന നിർദ്ദേശങ്ങൾ |
|---|---|
| വിവരസാങ്കേതികവിദ്യയെ അറിവ് നിർമ്മാണ പ്രക്രിയയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | ഡിജിറ്റൽ ക്ലാസ് റൂം: ഹൈടെക് സൗകര്യങ്ങൾ (സ്മാർട്ട് ടിവി/പ്രൊജക്ടർ) പഠനത്തിനായി പരമാവധി ഉപയോഗിക്കുക. |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക. | ICT ക്ലബ്ബ്: കമ്പ്യൂട്ടർ ലാബിൽ ആഴ്ചയിൽ ഒരു പിരീഡ് സ്വതന്ത്രമായ കമ്പ്യൂട്ടർ ഉപയോഗത്തിനായി നൽകുക. |

# വിലയിരുത്തലും അക്കാദമിക് മോണിറ്ററിംഗും

## 1. വികസനാത്മക വിലയിരുത്തൽ (Formative Assessment)

- അളവുകൾ: പങ്കാളിത്തം, ആശയധാരണ, പ്രകടനം/അവതരണം, രേഖപ്പെടുത്തൽ എന്നിവയുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തുക.
- ഉപകരണങ്ങൾ: പോർട്ട്ഫോളിയോ വിലയിരുത്തൽ (ഓരോ മാസവും പ്രധാന പ്രവർത്തനങ്ങൾ ശേഖരിച്ച് മാതാപിതാക്കളെ കാണിക്കുക), നിരീക്ഷണം, അഭിമുഖം, സ്വയം വിലയിരുത്തൽ.

## 2. സമഗ്ര പുരോഗതി രേഖ (Holistic Progress Card - HPC)

- ഉൾപ്പെടുത്തേണ്ട മേഖലകൾ: അക്കാദമികം, വൈകാരികം, സാമൂഹികം, ശാരീരികം, മാനസികം, മൂല്യബോധം, ആശയവിനിമയ ശേഷി.
- ലക്ഷ്യം: കുട്ടിയുടെ ബഹുമുഖപരമായ വളർച്ച രേഖപ്പെടുത്തുകയും അതിനനുസരിച്ച് തുടർ ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.

**3.** അക്കാദമിക് മോണിറ്ററിംഗ്

- ഉപകരണങ്ങൾ**:** യൂണിറ്റ് വൈസ് മോണിറ്ററിംഗ് ഫോർമാറ്റ്, പോർട്ട്ഫോളിയോ തെളിവുകൾ, ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.
- നടത്തിപ്പ്**:** പ്രധാനാധ്യാപകൻ/എസ്.ആർ.ജി. കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ പ്രതിമാസം മോണിറ്ററിംഗ് നടത്തുക.

## പ്രവർത്തന പദ്ധതി **(Action Plan Summary)**

വിഷയാധിഷ്ഠിതമായി ഓരോ പ്രവർത്തനവും ലക്ഷ്യവും സമയവും ഉത്തരവാദിത്തപ്പെട്ടവരെയും ഉൾപ്പെടുത്തി തയ്യാറാക്കുന്ന പട്ടികയാണിത്.

| പ്രവർത്തന ക്രമം | പേര് | ഉപമേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|---|---|---|
| 1 | വായനാമേള | വായന | അർത്ഥപൂർണ്ണമായി വായിക്കാൻ പ്രാപ്തരാക്കുക. | ലൗഡ് റീഡിങ്ങിനായുള്ള പ്രത്യേക ഇടം എല്ലാ ക്ലാസ്സിലും ഒരുക്കുക. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ (CT) |
| 2 | ജന്മദിന പുസ്തകം | വായന | മികച്ച വായനാശീലം വളർത്തുക. | പിറന്നാൾ ആഘോഷിക്കുന്ന കുട്ടിയുടെ വകയായി ക്ലാസ് ലൈബ്രറിയിലേക്ക് ഒരു പുസ്തകം സംഭാവന ചെയ്യുക. | വർഷം മുഴുവൻ | CT, PTA |
| 3 | മാത്സ് ചലഞ്ച് | ഗണിതം | ഗണിത ക്രിയകളിൽ വേഗത ഉറപ്പാക്കുക. | ഓരോ ആഴ്ചയും 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ലഘു ഗണിത മത്സരങ്ങൾ നടത്തുക. | മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപകൻ, SRG |
| 4 | ഹെൽത്ത് കാർഡ് **&** കായിക | ആരോഗ്യം | എല്ലാ കുട്ടികൾക്കും കായികാരോഗ്യ | എല്ലാ കുട്ടികൾക്കും ആരോഗ്യ | ജൂൺ - സെപ്റ്റംബർ | PET, PTA |

| പ്രവർത്തന ക്രമം | പേര് | ഉപമേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|---|---|---|
| | പരിശീലനം | | ക്ഷമത ഉറപ്പാക്കുക. | കാർഡ് തയ്യാറാക്കുക. കായികക്ഷമത ഉറപ്പാക്കാൻ പ്രത്യേക പരിശീലനം നൽകുക. | | |
| 5 | നമ്മുടെ സ്കൂൾ, നമ്മുടെ കൃഷി | പരിസ്ഥിതി | കൃഷിയുമായി ബന്ധപ്പെട്ട പ്രായോഗിക അറിവ് നേടുക. | പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം എന്നിവ ഒരുക്കുക. | വർഷം മുഴുവൻ | EVS അധ്യാപകർ, ക്ലബ്ബുകൾ |